(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾക്ക് എമർജൻസി സെൽ സംവിധാനം

*3 [336] ശ്രീ. ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ:
,, സാജു പോൾ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എമർജൻസി സെൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) റോഡിന്റെ അറ്റകുറ്റപ്പണികളിലും റോഡുകളുടെ വികസന പ്രവർത്തനങ്ങളിലും വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റോഡുപണികൾക്ക് കരാർ നൽകുന്നതിന് മുൻപുതന്നെ ഇലക്ട്രിക് ലൈനുകൾ, കേബിളുകൾ, പൈപ്പുലൈനുകൾ, എന്നിവ മാറുന്ന കാര്യം പരിഗണിക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഉദ്ദേശിക്കുന്നുണ്ട്. അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) വിവിധ വകുപ്പുകളുടെ ഏകോപന സമിതി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിച്ചു വരുന്നുണ്ട്. പൊതു പ്രവർത്തന രൂപരേഖയും നിശ്ചയിച്ചിട്ടുണ്ട്. റോഡുകൾ വെട്ടിക്കുഴിക്കുന്നത് ഒഴിവാക്കാനായി മരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, ബി. എസ്. എൻ. എൽ. എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ സംവിധാനം നിലവിലുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

ആദിവാസി വൈദ്യൻമാരുടെ വിജ്ഞാനവും മരുന്നുകളും സംരക്ഷിക്കുവാൻ നടപടി

*4 [337] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. സുധാകരൻ:
,, ഇ. എം. അഗസ്തി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സഹകരണ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly